ശ്രീ. പൊന്നറ ജി. ശ്രീധർ : സർ, ഞാനൊരു ഷാർട്ട് നോട്ടീസ് കൊടുത്തിട്ടുണ്ടായിരുന്നു. അതെന്തായി എന്നറിഞ്ഞാൽ കൊള്ളാം.

9 A. M.]

മി. സ്പീക്കർ : ബഹുമാനപ്പെട്ട ശ്രീധരെപ്പോലെയുള്ള മെമ്പറന്മാർ ഇങ്ങനെ ആവത്തിച്ചാവത്തിച്ച് ചോദിക്കുന്ന അവസരത്തിൽ ഞാൻ എന്തു പറയാനാണ്. ഞാനൊരു കമ്മിറ്റ്മെന്റ് അയച്ചിരുന്നതെന്തായി, റസല്യൂഷൻ അയച്ചിരുന്നതെന്തായി എന്നു ചോദിച്ചാൽ അങ്ങനെ അയച്ചിട്ടുള്ളവ അന്വേഷിച്ചിട്ടില്ലെങ്കിൽ അതു വിവരം ബഹുമാനപ്പെട്ട മെമ്പറന്മാരെ അറിയിക്കണം എന്നു് ആഫീസിൽ ഏർപ്പാടുചെയ്തിട്ടുണ്ട്. സാധാരണയായി ഷാർട്ട് നോട്ടീസ് ചോദ്യംകിട്ടിയാൽ അതു ബന്ധപ്പെട്ട മന്ത്രിക്കു് അയച്ച് അതു ഷാർട്ട്നോട്ടീസ് ചോദ്യമായി മറുപടി പറയാൻ സാധ്യമല്ല എന്നു പറയുകയാണെങ്കിൽ ആ വിവരം ബഹുമാനപ്പെട്ട മെമ്പർക്കു് ലെജിസ്ലേച്ചർ സെക്രട്ടറിയറിൽനിന്നും എഴുതി അയയ്ക്കുന്നതാണ്. ആ വിവരം അറിയിച്ചില്ല എന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ ഒരു സ്ലിപ്പ് എഴുതിക്കൊടുത്താൽ അതിന്റെ വിവരം അറിയാൻ കഴിയുന്നതാണ്. ഇതിനു് ഈ സഭയുടെ സമയം ഇങ്ങനെ ചെലവാക്കിയതു് വളരെ കഷ്ടമാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഞാൻ ചോദിച്ചു. വിവരം കിട്ടിയില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇന്നലെമുതൽ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീമാൻ പറമ്പിത്തറയെപ്പോലെയുള്ള ബഹുമാനപ്പെട്ട മെമ്പർ, ശ്രീമാൻ കെ. എം. ജോർജ്ജിനെപ്പോലെയുള്ള ബഹുമാനപ്പെട്ട മെമ്പർ, ഇന്നിപ്പോൾ ശ്രീമാൻ ശ്രീധരെപ്പോലെയുള്ള അളുകൾ എന്നു പറയുന്നതു കേട്ടു. അങ്ങനെ അല്ലാത്ത അളുകൾ ആരൊക്കെയുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അങ്ങനെ അല്ലാത്ത അളുകൾ ആരെന്നു പ്രത്യേകമായി എന്നെ വന്നുകണ്ടു ചോദിച്ചാൽ പറയാം. ഈ സഭാതലത്തിൽവച്ചു പറയാൻ നിവൃത്തിയില്ല.

WRITTEN ANSWERS.

പണി പൂർത്തിയാക്കാത്ത പാലങ്ങൾ.

* 1627. [24] ശ്രീ. എ. എൽ. ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

എറണാകുളം ഡിസ്ട്രിക്ടിൽ എത്ര പാലങ്ങൾ പണി പൂർത്തിയാക്കാതെ കിടപ്പുണ്ടു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

ഒൻപതു പാലങ്ങളുടെ പണി തീർക്കുവാനുണ്ടു്.

വില്ലേജ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം.

* 1628. [26] ശ്രീ. കെ. അയ്യപ്പൻകുട്ടി നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സർവ്വെയർ ഇരുസ്റ്റോറിലെ എല്ലാ വില്ലേജ് ആഫീസറന്മാർക്കും വില്ലേജ് അസിസ്റ്റന്റിനും വില്ലേജ് പ്യൂണിനും ഒരേ നിരക്കിലാണോ ശമ്പളം നൽകുന്നതു് ;

(ബി) നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ കാരണമെന്തു്; മലബാറിലേയും തിരുവിതാംകൂർ-കൊച്ചിയിലേയും സ്കെയിലുകൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി:)

(എ) അല്ല.

(ബി) തിരുവിതാംകൂർ–കൊച്ചിയിലേയും മലബാറിലേയും ശമ്പളം ഏകീകരിച്ചിട്ടില്ല. ശമ്പളസ്കെയിലുകൾ താഴെ ചേർക്കുന്നു:

തിരുവിതാംകൂർ–കൊച്ചി.

വില്ലേജ് ആഫീസർ	ശ്രേ	40-120.
വില്ലേജ് അസിസ്റ്റൻറ്	,,	40-100.
വില്ലേജ് മാൻ	,,	30-40.

മലബാർ.

വില്ലേജ് മാൻ (അധികാരി)	ശ്രേ	20.
കർണ്ണം (വില്ലേജ് മേനോൻ)	,,	20.
കോൽക്കാരൻ	,,	15.

ഹെഡ് കാൺസ്റ്റബിൾ ടെസ്റ്റ്.

* 1629. [30] ശ്രീ. വി. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെൻറിൽ ഹെഡ് കാൺസ്റ്റബിൾ ടെസ്റ്റ് പാർട്ടായി പാസ്സായിട്ടുള്ളവർക്ക് വീണ്ടും പരീക്ഷയ്ക്ക് ചേരുവാൻ രണ്ട് ചാൻസുകൂടി അനുവദിച്ച് ഉത്തരവുണ്ടായിരുന്നോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് 1956–57–ൽ ടെസ്റ്റ് നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത്;

(ഡി) 1958–ൽ ഈ ടെസ്റ്റ് നടത്തിയോ;

(ഇ) മുൻ ഉത്തരവ് അനുസരിച്ച് ഈ വ്യവസ്ഥ തുടരാൻ ഇടയില്ലെന്നറിയുന്നത് ശരിയാണോ;

(എഫ്) ഈ ടെസ്റ്റ് തുടർന്നു നടത്താതിരുന്നാൽ ഡിപ്പാർട്ടുമെൻറിലെ അനേകം ജീവനക്കാരുടെ ഭാവിയെ സാരമായി ബാധിക്കുമെന്ന് സർക്കാർ വിചാരിക്കുന്നുണ്ടോ;

(ജി) ഈ ടെസ്റ്റ് പാസ്സാകുന്നതിനു കുറഞ്ഞത് എത്ര മാർക്ക് വേണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ജനറൽ ഹെഡ് കാൺസ്റ്റബിൾ ടെസ്റ്റിനു നിശ്ചയിച്ചിട്ടുള്ള വിഷയങ്ങളിൽ ചിലതുമാത്രം പാസ്സായിട്ടുള്ളവർക്ക് ബാക്കി വിഷയങ്ങളിൽ പാസ്സാകുവാൻ 1958–ാം വർഷം അവസാനംവരെ കാലാവധി അനുവദിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് തിരുവിതാംകൂർ–കൊച്ചിപ്രദേശത്തു നിലവിലുണ്ടായിരുന്നു.

(ബി) (എ)-യിലുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ള ഉത്തരവ് 1957–ൽ ആണ് പുറപ്പെടുവിച്ചിട്ടുള്ളത്. 1956, 1957 എന്നീ വർഷങ്ങളിൽ ടെസ്റ്റ് നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly